**05.03.2024 ചൊവ്വാഴ്ച രാവിലെ 11 മണിയ്ക്ക് നടന്ന ഉപജില്ലാ സ്ഥിരം അദാലത്തിന്റെ മിനിട്സ്**

********************

അദാലത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ, അസിസ്റ്റന്റ് ടൌൺ പ്ലാനർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സന്നിഹിതരായിരുന്നു. താഴെ പറയുന്ന പഞ്ചായത്തുകളിലെ പരാതിക്കാരുടെ പരാതി അദാലത്തിൽ പരിഗണിക്കുകയുണ്ടായി.

**1. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്**

പരാതിക്കാരി- സൌദ ബി

ലൈഫ് പദ്ധതി മുഖേന ലഭിച്ച സ്ഥലത്ത് പണിത വീടിന് നമ്പർ ലഭിച്ചിട്ടില്ല എന്ന് പരാതിക്കാരി അദാലത്തിൽ അറിയിച്ചു.

വടയാർ വില്ലേജിൽപെട്ട 83/25, 84/21, 83/16 സർവ്വെ നമ്പരുകളിൽപെട്ട 1.31 ആർ സ്ഥലത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടിന് പെർമിറ്റ് അനുവദിച്ചിരുന്നതായി സെക്രട്ടറി അറിയിച്ചു. പെർമിറ്റിൽ നിന്നും പൂർണ്ണമായി വ്യതിചലിച്ച് നിർമ്മാണം പൂർത്തീകരിച്ചുവെന്നും കെട്ടിടത്തിന്റെ പൂർത്തീകരണ വേളയിൽ പ്ലോട്ടിന്റെ വിസ്തീർണ്ണം റീസർവ്വേ പ്രകാരം 1.31 ആറിൽ നിന്നും 1.2 ആർ ആയി കുറവു വന്നുവെന്നും റീസർവ്വേ സ്കെച്ച് പ്രകാരം ടി കെട്ടിടത്തിന്റെ സെറ്റ് ബാക്ക് ലഭ്യമാകുന്നില്ലെന്നും സെക്രട്ടറി അറിയിച്ചു. ആയതിനാൽ ദൂരപരിധി മതിയായതില്ലാത്തതിനാൽ നമ്പർ അനുവദിച്ചില്ല എന്ന് അദാലത്തിനെ അറിയിച്ചു.

2024 ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ പ്രകാരം ഫൈൻ ഈടാക്കി നിർമ്മാണം ക്രമവത്ക്കരിക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇത് പ്രകാരം സാധ്യമാകുന്ന പക്ഷം അപേക്ഷകയെ വിവരം അറിയിക്കുന്നതിനും അദാലത്തിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കി.

2. പരാതിക്കാരൻ- വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റിന്റെ സെക്രട്ടറി

വൈക്കം മുഹമ്മദ് ബഷീർ സ്മാരക ട്രസ്റ്റിന്റെ മന്ദിരത്തിന് 2014 ൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നുവെന്നും10.02.2023 ന് ownership certificate ഉം 12.04.2023 ക്രമവത്ക്കരിക്കുന്നതിനും അപേക്ഷ സമർപ്പിച്ചതിന് യാതൊരു മറുപടിയും ലഭിച്ചില്ല എന്നും ട്രസ്റ്റിന്റെ സെക്രട്ടറി പരാതിപ്പെട്ടു.

പഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്ററുകളിലും സഞ്ചയ സോഫ്റ്റ് വെയറിലും പരിശോധന നടത്തിയപ്പോൾ ടി കെട്ടിടത്തിന് നമ്പർ അനുവദിച്ചതായി കാണുന്നില്ല. എന്ന് സെക്രട്ടറി അറിയിച്ചു. രേഖകൾ പരിശോധിക്കുന്നതിന്റെ കാലതാമസം മൂലമാണ് രേഖാമൂലം മറുപടി നൽ കാത്തതെന്ന് സെക്രട്ടറി അറിയിച്ചു. കെട്ടിടത്തിന്റെ ക്രമവത്ക്കരണത്തിന് സമർപ്പിച്ച അപേക്ഷ പ്രകാരം പരിശോധിച്ചതിൽ വടയാർ വില്ലേജിൽപെട്ട 295/6A7, 295/7B2, 295/7-2 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 8 സെന്റ് സ്ഥലം ടി ട്രസ്റ്റിന് കൈമാറിയിട്ടുള്ളതും നിലവിൽ ടി വസ്തുവിന്റെ അളവ് 2.66 ആർ ആയി കുറവ് വന്നിട്ടുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നതായി സെക്രട്ടറി അദാലത്തിനെ അറിയിച്ചു.

പരാതിക്കാരന് സമയബന്ധിതമായി രേഖാമൂലം മറുപടി നൽകുന്നതിനും രേഖകൾ പരിശോധിച്ച് നിയമപരമായി നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ അദാലത്തിൽ ചുമതലപ്പെടുത്തി.

3. പരാതിക്കാരൻ- കുഞ്ഞുമോൻ

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി പെർമിറ്റ് പ്രകാരം പണിത വീടിന് നമ്പർ ലഭിച്ചിട്ടില്ല എന്നും റീസർവ്വേ പ്രകാരം ഭൂമിയിൽ കുറവ് വന്നിട്ടുണ്ടെന്നും ആയത് പരിഹരിച്ചു തരണമെന്നതുമാണ് പരാതി.

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി പെർമിറ്റ് അനുവദിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ പൂർത്തീകരണ വേളയിൽ പ്ലോട്ടിന്റെ വിസ്തീർണ്ണം റീസർവ്വേ പ്രകാരം 02.02 ആർ ൽ നിന്നും 1.34 ആർ ആയി കുറവ് വന്നിട്ടുള്ളതുമൂലം റീസർവ്വേ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ ടി കെട്ടിടത്തിന് സെറ്റ് ബാക്ക് ലഭ്യമാകാത്തതുമൂലമാണ് നമ്പർ അനുവദിക്കാത്തതെന്ന് സെക്രട്ടറി അറിയിച്ചു.

Scanned with CamScanner

2024 ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾപ്രകാരം ഫൈൻ ഈടാക്കി ക്രമവൽക്കരണം സാധിക്കുമോ എന്ന് പരിശോധിച്ച് നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇത് പ്രകാരം സാധ്യമാകുന്ന പക്ഷം അപേക്ഷകയെ വിവരം അറിയിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നല്കി.

**II. മുളക്കുളം ഗ്രാമപഞ്ചായത്ത്**

1. പരാതിക്കാരൻ - രാജ്ഞ റ്റി.എം

പരാതിക്കാരൻ അദാലത്തിൽ ഹാജരായില്ല.

മുളക്കുളം ഗ്രാമപഞ്ചായത്തിൽ 15/283 A എന്ന കെട്ടിടത്തിൽ ജെറിയാട്രിക് ഹോസ്പിറ്റാലിറ്റി സർവ്വീസ് ബിസിനസ് സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാണ് പരാതിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നത് എന്ന് സെക്രട്ടറി അറിയിച്ചു. ടി കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്നാണ് സഞ്ചയസോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. KPR Act Section 232 IFTE&OS ലൈസൻസ് ചട്ടങ്ങൾ 1996 അനുസരിച്ചുള്ള പട്ടിക (1) ൽ ടി പ്രവർത്തനം ഉൾപ്പെട്ടിട്ടില്ല എന്നും ടി വിവരം അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

2. പരാതിക്കാരൻ - എൻ എസ് സലിം

03.08.2020 ൽ താൻ പഞ്ചായത്തിൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെയായി നടപടിയുണ്ടായില്ലെന്ന് പരാതിപ്പെട്ടു.

കെട്ടിടനിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടത്തിന് മുൻവശത്തുള്ള റോഡിൽ നിന്നും KPBR 2019 220 (ബി) പ്രകാരമുള്ള അകലം പാലിക്കാത്തതിനാലാണ് നമ്പർ അനുവദിക്കാത്തത് എന്ന് സെക്രട്ടറി അറിയിച്ചു.

2024 ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം ഫൈൻ ഈടാക്കി നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് സാധിക്കുന്നതാണോ എന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും അപേക്ഷകനെ അറിയിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

**III. കല്ലറ ഗ്രാമപഞ്ചായത്ത്**

1. പരാതിക്കാരൻ - ജസ്റ്റിൻ മാത്യു C/o റ്റി ജോസ് മാത്യു

കല്ലറ ഗ്രാമപഞ്ചായത്തിൽ വാർഡ് VII ലുള്ള കാവിമറ്റം കോളനി സ്ട്രീറ്റും തങ്ങളുടെ വസ്തുവും തിരിച്ച് കോമ്പൌണ്ട് വാൾ നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ആയത് നാളിതുവരെ അനുവദിച്ചിട്ടില്ല എന്ന് പരാതിക്കാരന് വേണ്ടി ഹാജരായ ശ്രീ.റ്റി.ജോസ് മാത്യു പരാതിപ്പെട്ടു.

10.03.2023 ൽ അപേക്ഷകൻ മുക്ത്യാർ ഏജന്റായ ശ്രീ.റ്റി.ജോസ് മാത്യു മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും വസ്തുവിന്റെ കൈവശ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട പ്രമാണങ്ങളുടെ ഒറിജിനൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല എന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 70(2) പ്രകാരം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി അപാകതകൾ പരിഹരിക്കുന്നതിന് 10.03.2023, 31.03.2023 തീയതികളിൽ ടിയാന് അറിയിപ്പുകൾ നൽകിയെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു.

പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ട പ്രകാരമുള്ള രേഖകളും രേഖകളുടെ ഒറിജിനലും ഹാജരാക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിക്കുകയും രേഖകൾ പരിശോധിച്ച് നിയമപരമായി തുടർ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയോട് അദാലത്തിൽ നിർദ്ദേശിക്കുകയും ചെയ്തു.

**IV മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്**

1. പരാതിക്കാരൻ –ചന്ദ്രൻ

സ്വയം തൊഴിൽ ചെയ്യുന്നതിനു വേണ്ടി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് 20.01.2020 ൽ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെ നമ്പർ ലഭിച്ചിട്ടില്ല എന്നതാണ് പരാതി.

20.01.2020 ലെ അപേക്ഷ പ്രകാരം അപേക്ഷകന് അപാകത പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതും തുടർന്ന് ടിയാൻ 30.01.2023 ൽ പ്ലാൻ പുനർ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതും

Scanned with CamScanner

പുനരന്വേഷണം നടത്തിയതിൽ KPBR ചട്ടങ്ങൾ 2019 ചട്ടം 26(5) പ്രകാരം പ്ലോട്ടിലെ നിർമ്മാണം നടത്തിയിരിക്കുന്ന വീടിനും ഷോപ്പിനുമിടയിൽ ആവശ്യമായ 2 മീറ്റർ ദൂരപരിധി ഇല്ല എന്ന് സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് പരാതിക്കാരന് രേഖാമൂലം അറിയിപ്പ് നല്കിയിട്ടുണ്ടെന്നും നാളിതുവരെ അപാകതകൾ പരിഹരിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു.

അപാകതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

V. **വൈക്കം മുൻസിപ്പാലിറ്റി**

(1) പരാതിക്കാരൻ-സാബു.കെ.കെ

PMAY (അർബൻ) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട പരാതിക്കാരന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും ആദ്യ ഗഡു ധനസഹായം നൽകിയിട്ടുള്ളതുമാണ് എന്ന് നഗരസഭയിൽ നിന്നും അറിയിച്ചു.

അടുത്ത ഗഡുവിനായി അപേക്ഷ സമർപ്പിക്കുമ്പോൾ പരിശോധിച്ച് നിയമപരമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അദാലത്ത് നിർദ്ദേശം നൽകി.

VI. **മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്.**

(1) പരാതിക്കാരൻ-ലിജോമോൻ ജോയി

വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണത്തിന് അനുവദിച്ച പെർമിറ്റ് പുതുക്കി ലഭിച്ചിട്ടുള്ളതും തുടർന്ന് 06/01/2024-ൽ കെട്ടിട നമ്പർ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല എന്ന് പരാതിക്കാരൻ പരാതിപ്പെട്ടു.

06/01/2024-ൽ ടിയാൻ നമ്പർ ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ സ്ഥല പരിശോധനയിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇവ പരിഹരിക്കുന്നതിന് പരാതിക്കാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ചു.

അപാകത പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

(2) പരാതിക്കാരൻ - ജോൺ ജോസഫ്

ഫസ്റ്റ് ഫ്ലോർ ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നതിന് നാളിതുവരെ നടപടി ആയിട്ടില്ല എന്ന് പരാതിക്കാരൻ അറിയിച്ചു. പഞ്ചായത്തിൽ നിന്നും അറിയിച്ച അപാകതകൾ ഭൂരിഭാഗവും പരിഹരിച്ചിട്ടുണ്ടെന്നും പർക്കിംഗിനായി സൌകര്യം ഏർപ്പെടുത്തിയെന്നും ഷീറ്റ് ഇട്ട് അനധികൃതമായി നടത്തിയിട്ടുള്ള ഭാഗം നീക്കം ചെയ്തിട്ടുണ്ടെന്നും പരാതിക്കാരൻ അറിയിച്ചു.

പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയോടൊപ്പം അംഗീകൃത ലൈസൻസി ഒപ്പുവയ്ക്കാത്ത പ്ലാനും സൈറ്റ് പ്ലാനും ആണ് സമർപ്പിച്ചിരുന്നതെന്ന് സെക്രട്ടറി അറിയിച്ചു. അപേക്ഷ എന്താവശ്യത്തിനാണെന്ന് വ്യക്തമായിരുന്നില്ല. ഇത് സംബന്ധിച്ച് അപേക്ഷകന് 09/02/2024-ൽ കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

അപാകതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നിയമപരമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് അദാലത്തിൽ നിർദ്ദേശം നൽകി.

VII. **രാമപുരം ഗ്രാമപഞ്ചായത്ത്.**

(1) പരാതിക്കാരൻ-ബെയ് ലോൺ എബ്രഹാം

വാസഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ട പരാതിയിൽ നടപടി ഉണ്ടാകണമെന്ന് പരാതിക്കാരൻ അദാലത്തിൽ അറിയിച്ചു.

Scanned with CamScanner

19/07/2022-ൽ ലാന്റ് ഡവലപ്പ്മെന്റ് ചെയ്യുന്നതിന് സമർപ്പിച്ച പ്ലാനിൽ പാറ നീക്കം ചെയ്യേണ്ടതായി കാണിച്ചിരുന്നതിനാൽ പാറ നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പിൽ നിന്നും അനുമതി വാങ്ങിയ ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതി നല്കുവാൻ സാധിക്കുകയുള്ളൂ എന്ന് അപേക്ഷകനെ അറിയിച്ചിരുന്നതായി സെക്രട്ടറി അദാലത്തിൽ അറിയിച്ചു. ടിയാൻ WP © 6168/2023 നമ്പരായി ബഹു.ഹൈക്കോടതിയിൽഫയൽ ചെയ്ത കേസിന്റെ വിധി പ്രകാരം മണ്ണ്നീക്കം ചെയ്യുമ്പോൾ പാറ കാണപ്പെടുകയാണെങ്കിൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും ആയത് നീക്കുന്നതിന് അനുമതി വാങ്ങേണ്ടതാണെന്ന വ്യവസ്ഥയോടെ 19.04.2023 ൽ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു എന്ന് സെക്രട്ടറി ബോധിപ്പിച്ചു. ടി സ്ഥലത്ത് പാറപ്പൊട്ടിക്കുന്നത് സംബന്ധിച്ച പ്രദേശവാസികളുടെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും സ്ഥലപരിശോധന നടത്തിയതിൻ പ്രകാരം പെർമിറ്റ് വ്യവസ്ഥ ലംഘിക്കുന്നതിനാൽ നിർമ്മാണം താല്ക്കാലികമായി നിർത്തി വെയ്ക്കുന്നതിന് 27.09.2023 ൽ നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും അനുമതി വാങ്ങി മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കൂ എന്ന് സെക്രട്ടറി അറിയിച്ചു.

ജോയിന്റ് സൈറ്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് അദാലത്തിൽ തീരുമാനിച്ചു.

അദാലത്ത് ഉച്ചക്ക് 12.30 ന് അവസാനിച്ചു.

Scanned with CamScanner